**ഇലക്ഷൻ അടിയന്തിരം**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം- 695033

**സർക്കുലർ**

നമ്പർ : ബി1/33870/ 2020/സം.തി.ക. തീയതി : 13.122020

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2020 - ഡിസംബർ 8, 10, 14 തീയതികളിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് അംഗങ്ങളുടെ/ കൗൺസിലർമാരുടെ സത്യപ്രതിജ്ഞ/ ദൃഢ പ്രതിജ്ഞ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-1.സർക്കാരിന്റെ 24/11/2020 ലെ സഉ(സാധാ) നം.2219/2020/തസ്വഭവ നമ്പർ ഉത്തരവ്.

2. സർക്കാരിന്റെ 24/11/2020 ലെ (സാധാ) നം.2220/2020/തസ്വഭവ നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 30/11/2020 ലെ ഇ.എം3/172/2020/തസ്വഭവ നമ്പർ സർക്കുലർ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020 ഡിസംബർ 8, 10, 14 തീയതികളിൽ നടത്തുന്ന പൊതുതിരഞ്ഞെടുപ്പിന് ശേഷം, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 143 -ാംവകുപ്പ് പ്രകാരവും 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 152 -ാം വകുപ്പ് പ്രകാരവും കൗൺസിലിന്റെ/ പഞ്ചായത്തിന്റെ ആദ്യയോഗം വിളിച്ചുകൂട്ടുന്നതിനായി കൗൺസിലറായി/ പഞ്ചായത്തംഗമായി തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തെ സത്യപ്രതിജ്ഞ/ ദൃഢ പ്രതിജ്ഞ ചെയ്യിക്കുന്നതിനായുള്ള ഉദ്യോഗസ്ഥനെ സൂചന 1, 2 പ്രകാരം നാമനിർദ്ദേശം ചെയ്ത് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും ഗ്രാമ പഞ്ചായത്തുകളിലെയും, ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും കഴിഞ്ഞതിന് ശേഷം, പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ സൂചന 3 പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്ഥാപനങ്ങളിലെ ഭരണസമിതിയുടെ കാലാവധി 2020 നവംബർ 11 നും ഡിസംബർ 20 നും ഇടയ്ക്കുള്ള കാലയളവിൽ അവസാനിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും

2020 ഡിസംബർ 21 (തിങ്കൾ) -ാം തീയതി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ എടുത്ത് അധികാരമേൽക്കേണ്ടതാണ്.

2. ഭരണസമിതിയുടെ കാലാവധി ( 5 വർഷം) 20.12.2020 ന് പൂർത്തിയാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അനുബന്ധം 1 പ്രകാരം ചേർത്തിട്ടുള്ള തീയതികളിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ നടത്തേണ്ടതാണ്.
3. സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ ആദ്യ അംഗത്തെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കേണ്ടത് അതാത് സ്ഥാപനങ്ങളിലെ വരണാധികാരികളാണ്. മുനിസിപ്പൽ കൗൺസിലുകളുടെ കാര്യത്തിൽ അനുബന്ധം (2) പ്രകാരം നിയോഗിച്ചിട്ടുള്ള വരണാധികാരികൾ വേണം ഈ കർത്തവ്യം നിർവ്വഹിക്കേണ്ടത്.
4. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് ആദ്യ അംഗത്തെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടത്.
5. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ അംഗത്തെ/ കൗൺസിലറെ മേൽപ്പറഞ്ഞ പ്രകാരം നാമനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻ കണ്ടെത്തേണ്ടതും ആ അംഗത്തോട്/കൗൺസിലറോട് നിശ്ചയിക്കപ്പെട്ട തീയതിയിൽ പ്രതിജ്ഞ എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹാജരാകുവാൻ രേഖാമൂലം നിർദ്ദേശിക്കേണ്ടതുമാണ്.
6. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിലുകൾ എന്നിവ സംബന്ധിച്ച് 21.12.2020 (തിങ്കൾ) ന് രാവിലെ 10 മണിക്കും മുനിസിപ്പൽ കോർപ്പറേഷനുകളുടെ സംഗതികളിൽ പകൽ 11.30 മണിക്കുമാണ് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ നടപടികൾ ആരംഭിക്കേണ്ടത്.
7. മേൽപ്പറഞ്ഞ പ്രതിജ്ഞാ ചടങ്ങുകൾക്ക് ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാരും മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും സംബന്ധിച്ച് അതാത് തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ജില്ലാ കളക്ടർമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.
8. തദ്ദേശസ്ഥാപനങ്ങളിലെ പ്രതിജ്ഞയെടുക്കൽ ചടങ്ങുകൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന്റെ പൊതു മേൽനോട്ടം അതാത് ജില്ലാ കളക്ടർമാർക്കായിരിക്കും.
9. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയും തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും നിശ്ചയിച്ചിട്ടുള്ള തീയതിയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിജ്ഞ എടുക്കൽ ചടങ്ങിന് സംബന്ധിക്കണമെന്നാവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റ് എല്ലാ അംഗങ്ങളേയും ആദ്യം സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത അംഗം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടതാണ്. ഈ കാര്യത്തിൽ വരണാധികാരിയും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.